LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത പ്രവൃത്തിക്ക് 31-10-2016-ലെ സ.ഉ.(സാധാ) നമ്പർ 1496/2016/പൊ.മ.വ. പ്രകാരം 30 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് കിഫ്ബി ടി പ്രവൃത്തിക്കായി 17-9-2017-ലെ ഉത്തരവ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി 4 കോടി രൂപയുടെയും പ്രവൃത്തിക്കായി 17-1-2018-ലെ ഉത്തരവ് പ്രകാരം 46.10 കോടി രൂപയുടെയും സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്ഥലം ഏറ്റെടുക്കുന്നതിനായി കണ്ടിജൻസി ചാർജ്ജായി 33,25,000 രൂപയും നൽകിയിട്ടുണ്ട്. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) തട്ടാശ്ശേരി പാലത്തിന്റെ നിർമ്മാണത്തിൽ എന്തൊക്കെ തടസ്സങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ?

സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

പടഹാരം പാലം നിർമ്മാണ പുരോഗതി

69(2425) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പടഹാരം പാലം നിർമ്മാണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇതിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

&

(സി) നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തൊക്കെ തടസ്സങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ?

പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഫൗണ്ടേഷൻ സബ് സ്ട്രക്ചർ പ്രവൃത്തികൾ ഏകദേശം പൂർത്തീകരിച്ചു. ആകെ 18 സ്ലാബുകളിൽ 6 എണ്ണം പൂർത്തീകരിച്ചു. ആകെ പ്രവൃത്തി ഏകദേശം 50 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പ്രാധാന്യം കണക്കിലെടുത്ത് ഇരുകരകളിലും പുഴയിലും പ്രവൃത്തി ഒരേപോലെ തുടങ്ങുകയും ആയത് ദ്രുതഗതിയിൽ നടത്തി വരികയും ചെയ്യുന്നു. അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കം, കോവിഡ് സാഹചര്യം എന്നിവയാണ് പ്രവൃത്തിയുടെ പൂർത്തീകരണത്തിന് തടസ്സമുണ്ടാക്കുന്നത്.